DESPATCHED
On. 22/06/2020
17.3.20.



**സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,**
**തിരുവനന്തപുരം 695 001**

Tel:0471 -2561628, 2561633,2561615
Email: sic.ker@nic.in

ഹർജി നമ്പർ **AP.2279(*2)/2016*/*എസ്.ഐ.സി.***
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നം.14061/*എസ്.ഐ.സി-ജി 6/16*

സന്നിഹിതൻ
**ഡോ.കെ.എൽ.വിവേകാനന്ദൻ, ബഹു.വിവരാവകാശ കമ്മീഷണർ**

**ശ്രീ.കിഷോർ എസ്.എസ്**
**ഷാന്റി ഭവൻ**
**കല്ലുംമൂട്**
**ആനയറ പി.ഒ**
**തിരുവനന്തപുരം-695 029**
} **അപ്പീൽ ഹർജിക്കാരൻ**

**Vs**

1. **സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,**
**കളക്ടറേറ്റ്, സിവിൽ സ്റ്റേഷൻ**
**കുടപ്പനക്കുന്ന്, തിരുവനന്തപുരം**

2. **അപ്പീൽ അധികാരി ആന്റ്**
**ഡെപ്യൂട്ടി കളക്ടർ (എൽ.ആർ)**
**ബി.സെക്ഷൻ കളക്ടറേറ്റ്**
**തിരുവനന്തപുരം**

} **എതിർകക്ഷികൾ**

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 22.07.2016 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 23.08.2016 |
| ഒന്നാം അപ്പീലിന് മറുപടി ലഭ്യമാക്കിയ തീയതി | 03.10.2016 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 09.11.2016 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 14.11.2016 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 26.11.2016 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 16.08.2016 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 28.01.2019, കമ്മീഷൻ ആസ്ഥാനം തിരുവനന്തപുരം |
| ഹിയറിംഗിലെ സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായിരുന്നു<br>ഹാജരായിരുന്നു |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, വിവരാവകാശ നിയമപ്രകാരം ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൻമേൽ വിവരങ്ങൾ പൂർണ്ണമായി ലഭ്യമാക്കിയില്ല എന്നും ആയതിനാൽ അപ്പീൽ അധികാരി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചുവെന്നും ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നും മറ്റുമാണ്.

2. വിവരാവകാശ നിയമത്തിലെ 6(1) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരൻ 22.07.2016 തീയതി ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ തന്റെ വസ്തുവിൽ 1976 മുതൽ 2012-13 വർഷം വരെ കരം അടച്ചിരുന്നുവെന്നും 2013 ഏപ്രിൽ മാസം തുടർകരം അടയ്ക്കാൻ ചെന്നപ്പോൾ വില്ലേജ് അധികാരികൾ കരം സ്വീകരിക്കാൻ വിസമ്മതിച്ചെന്നും കടകംപള്ളി വില്ലേജിലെ സർവ്വേ 1203, 1204, 1236,1238,1240, 1241, 1270,1279, 1280, 1282, 21284, 1285, 1286, 1287, 1288, 1388, 1409 എന്നീ സർവ്വേ നമ്പറുകളിൽ കരം സ്വീകരിക്കാൻ പാടില്ലായെന്ന് 2012, 13 കാലഘട്ടത്തിൽ റവന്യൂ വകുപ്പ് ഉത്തരവ് നൽകിയിട്ടുണ്ടോയെന്നും മറ്റുമായി 6 ഇനങ്ങളിലായുള്ള വിവരങ്ങളാണ് ആവശ്യപ്പെട്ടത്.

3. 22.07.2016 നൽകിയ വിവരാവകാശ അപേക്ഷയ്ക്ക് മറുപടി നൽകിയില്ലെന്ന് കാണിച്ച് 23.08.2016 ൽ ഹർജിക്കാരൻ അപ്പീൽ നൽകുകയും, ആയതിന് മറുപടിയായി അപ്പീൽ അധികാരി 03.10.2016 ന് നൽകിയ മറുപടിയിൽ 23.07.2016 ന് ഹർജിക്കാരൻ നൽകിയ അപേക്ഷയിന്മേൽ 30.07.2016 ന് എസ്.പി.ഐ.ഒ മറുപടി നൽകിയതായും ടി മറുപടിയുടെ അടിസ്ഥാനത്തിൽ ടിയാൻ ഫയൽ പരിശോധിച്ചതായും 22.07.2016 ന് നോട്ട് ഫയൽ ഉൾപ്പെടെയുള്ള മുഴുവൻ ഫയലിന്റെയും പകർപ്പിനായി അപേക്ഷിച്ചിരുന്നുവെന്നും, 05.08.2016ന് ടി പകർപ്പുകൾ മുഴുവൻ കൈപ്പറ്റിയതായും പരിശോധിച്ചതായും കാണുന്നു വെന്നാണ് ബോധിപ്പിച്ചത്. എന്നാലും മറുപടി ലഭിച്ചിട്ടില്ലെന്നു ബോധിപ്പിച്ചതിനാൽ മറു പടി നൽകുന്നുവെന്നുമാണ്

4. 16.08.2016 ൽ കമ്മീഷനിൽ സമർപ്പിച്ച റിപ്പോർട്ടിൽ രണ്ടാം എതിർകക്ഷി പ്രസ്താവിച്ചത്, ഹർജിക്കാരൻ വിവരാവകാശ നിയമപ്രകാരം ആവശ്യപ്പെട്ടവയിൽ എല്ലാ റിക്കോർഡു കളും ഓഫീസ് സമയത്ത് പരിശോധിക്കാവുന്നതാണെന്നും, ആവശ്യമുള്ള പകർപ്പുകൾ ഫീസൊടുക്കി കൈപ്പറ്റാവുന്നതാണെന്നും എസ്.പി.ഐ.ഒ മറുപടി നൽകിയിട്ടുള്ളതാണെ ന്നും, 23.08.2016 ൽ ഫയൽ പരിശോധിക്കുകയും ആവശ്യമുള്ള പകർപ്പുകൾ ഫീസൊ ടുക്കി കൈപ്പറ്റിയിട്ടുണ്ടെന്നും, 5,6 എന്നീ ചോദ്യങ്ങൾക്കുള്ള മറുപടിയാണ് തൃപ്തികരമ ല്ലെന്ന് അപ്പീൽ സമയത്ത് ബോധിപ്പിച്ചതെന്നും 5-ാമത്തെ ചോദ്യത്തിന് ഫയൽ പരിശോ ധിച്ചതിൽ കടകം പള്ളി വില്ലേജിലെ 19 സർവ്വേ നം. വസ്തുക്കളിലെ യഥാർത്ഥ ഉടമ സ്ഥർ ആരാണെന്നു കണ്ടെത്തിയതായി കാണുന്നില്ലെന്നും 6-ാമത്തെ ചോദ്യത്തിനു

ഉത്തരവ് ആരുടെ നിർദ്ദേശ പ്രകാരമാണ് പുറപ്പെടുവിച്ചതെന്ന് വ്യക്തമാക്കിയിട്ടില്ലെന്നും ടി വിവരങ്ങൾ അപേക്ഷകനെ അറിയിച്ചിട്ടുണ്ടെന്നുമാണ്.

5. അപ്പീൽ ഹർജിയും ഹിയറിംഗിന് എതിർകക്ഷി സമർപ്പിച്ച റിപ്പോർട്ടും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരുകക്ഷികളെയും നേരിൽ കേട്ടതിലും അപ്പീൽ ഹർജിക്കാരൻ സമർപ്പിച്ച വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്ന വിവരങ്ങൾക്ക് ലഭ്യമായ വിവരങ്ങളെല്ലാം നൽകിയതായി കാണുന്നതിനാൽ ടി അപ്പീൽ ഹർജിയിൽ മറ്റ് നടപടികൾ ആവശ്യമില്ലെന്ന് കണ്ട് ഇന്നേ ദിവസം 2020 മാർച്ച് 17-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
**ഡോ.കെ.എൽ.വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

res